പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 174

25/03/2013 ൽ മറുപടിക്ക്

## മൊബൈൽ തീയേറ്ററുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | മൊബൈൽ തീയേറ്റർ സംവിധാനം ആരംഭി ക്കാൻ ഉദ്ദേശിക്കുന്നു ണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. നിലവിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സഞ്ചരിക്കുന്ന സിനിമാ പ്രദർശനങ്ങൾ സംഘടിപ്പിച്ചു വരുന്നു. കൂടുതൽ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി മൂന്ന് മൊബൈൽ തീയേറ്ററുകൾ കൂടി അക്കാദമിയുടെ നേതൃത്വ ത്തിൽ രൂപീകരിക്കാൻ പദ്ധതിയുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യ ങ്ങളും സവിശേഷതക ളും എന്തൊക്കെയാണ്; | (ബി) | ദേശീയ അന്തർദ്ദേശീയ അംഗീകാരം നേടിയ സിനിമകൾ ജനങ്ങൾക്ക് കാണാൻ അവസരമു ണ്ടാക്കുക, ജനങ്ങളുടെ സിനിമാ സാക്ഷരത മെച്ച പ്പെടുത്തുക, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, സാംസ്കാരിക സംഘടനകൾ, വായനശാലകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ മികച്ച സിനിമകൾ കാണുന്നതിനുള്ള അവസര മൊരുക്കുക, ചലച്ചിത്രക്യാമ്പുകൾ സംഘടി പ്പിക്കുക എന്നിവയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. 30 പേർക്ക് ഇരിക്കാവുന്ന ആധുനിക തിയേറ്റർ ബസിനുള്ളിൽ സജ്ജീകരിച്ചതാണ് മൊബൈൽ തീയേറ്റർ. രാത്രി കാലങ്ങളിൽ ബസിന്റെ പിൻഭാഗ ത്തുനിന്ന് 300 പേർക്ക് കാണാവുന്ന വിധത്തിൽ തുറസ്സായ സ്ഥലത്ത് പ്രദർശനം നടത്താനും ഇതിലൂടെ സാധിക്കും. |
| (സി) | ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ആയതിന്റെ പ്രവൃത്തി കൾ ആരംഭിക്കുവാനു ദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (സി) | മൊബൈൽ തീയേറ്റർ സംവിധാനത്തിന്റെ നടത്തിപ്പും പരിപാലനവും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിലായി രിക്കും. കൊച്ചിൻ ഷിപ്പ്യാർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പദ്ധതികളിൽ നിന്ന് പണം കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) | മൊബൈൽ തീയേറ്റർ സംവിധാനം വികസിപ്പിക്കു ന്നതിനായി ഈ മേഖലയിലുള്ള കമ്പനികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള കത്തുകൾ അക്കാദമി അയച്ചിട്ടുണ്ട്. അനുബന്ധ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ